ഹൈസ്ക്കൂളുകളില്ലാത്ത പഞ്ചായത്തുകൾ

863 [1327] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അനുവദിച്ചതടക്കം രണ്ട് ഹൈസ്ക്കൂളുകൾ വീതം ഉള്ള എത്ര പഞ്ചായത്തുകളുണ്ട്, അവ ഏവ;

(ബി) ഈ വർഷം അനുവദിച്ചതടക്കം രണ്ടിലധികം ഹൈസ്ക്കൂളുകളുള്ള എത്ര പഞ്ചായത്തുകളുണ്ട്, അവ ഏവ?

ഉത്തരം

(എ, ബി) ഈ സ്ക്കൂൾവർഷം പുതിയ ഹൈസ്ക്കൂളുകൾ അനുവദിച്ചിട്ടില്ല.

ആർഫൈവ്സ് കെട്ടിടത്തിനായി അലോട്ട് ചെയ്ത തുക

864 [1329] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പഞ്ചവൽസര പദ്ധതി കാലംമുതൽ ആർഫൈവ്സ് കെട്ടിടത്തിനായി അലോട്ട് ചെയ്യുകയും ലാപ്സാകുകയും ചെയ്തിട്ടുള്ള മൊത്തം തുക എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) ഇതിനുള്ള കെട്ടിടം എന്നു പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

1976-77	രൂപ 2,000
1977-78	രൂപ 50,000
1978-79	രൂപ 25,000

ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതുവരെ ഒന്നും ചിലവാക്കിയിട്ടില്ല.

(ബി) ആർഫൈവ്സ് കെട്ടിട നിർമ്മാണത്തിനായി 30-5-1978-ൽ സർക്കാർ ഉത്തരവ് 939/78 ഉ.വി. വ.ൽ 24.38 ലക്ഷം രൂപയുടെ റിവൈസ്ഡ് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. കെട്ടിടം പണിയുന്നതിനായി ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. പണിയുടെ കരാർ ഉറപ്പു കഴിഞ്ഞാൽ പണി തുടങ്ങുന്നതാണ്. പൊതുമരാമത്തു വകുപ്പുമായി ആലോചിച്ച് ഈ പണി എത്രയും വേഗം നടത്തുവാൻ ആർഫൈവ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കളരിപ്പയറ്റും സർക്കസ്സും

865 [1333] ശ്രീ. സീദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളരിപ്പയറ്റും സർക്കസ്സും കേരളത്തിൽ പ്രോൽസാഹപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തലശ്ശേരിയിൽ ഒരു സർക്കസ് പരിശീലന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രായാധിക്യമുള്ള സർക്കസ് താരങ്ങൾക്ക് പെൻഷൻ നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തര

(എ) കളരിപ്പയറ്റ് പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കസ് പ്രോൽസാഹിപ്പിക്കുവാൻ പ്രത്യേക പരിപാടിയൊന്നുമില്ല.

(ബി) സർക്കസ്സിനുവേണ്ടി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ ഇപ്പോഴും ഉദ്ദേശമില്ല.

(സി) ഇപ്പോഴും പരിപാടിയില്ല.

ലൈംഗിക വിദ്യാഭ്യാസം

866 [1335] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ലൈംഗിക വിഷയം സംബന്ധിച്ച അജ്ഞത ദൂരീകരിക്കുവാനും ആരോഗ്യ പൂർണ്ണമായ പുതിയ തലമുറയെ വാർത്തെടുക്കാനും ലൈംഗിക വിദ്യാഭ്യാസം ഹൈസ്ക്കൂൾ ക്ലാസ് മുതൽ തുടങ്ങുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ?

ഉത്തരം

ഇല്ല.

സ്ക്കൂളുകളിൽ അറബി, ഹിന്ദി, സംസ്കൃതം, എന്നീ ഭാഷകൾക്ക് കൂടുതൽ സമയം നൽകാൻ നടപടി

867 [1337] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്ക്കൂളുകളിൽ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾക്ക് കൊടുത്തിട്ടുള്ള പീരിയഡുകൾക്ക് സമാനമായി അറബി, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ കൂടി പഠിപ്പിക്കുന്നതിന് ആവശ്യമായ സമയം നൽകുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

അറബി, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾക്ക് ഇപ്പോഴുള്ളതിൽ കൂടുതൽ പീരിയഡുകൾ അനുവദിക്കുവാൻ യാതൊരു സാദ്ധ്യതയും കാണുന്നില്ല.

സ്ക്കൂളുകളിലെ അന്യായമായ ഫണ്ട് പിരിവ് നിറുത്തലാക്കുവാൻ നടപടി

868 [1340] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly